പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-23)

## ഒന്നാമത് റിപ്പോർട്ട്

(2021 നവംബർ 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2011-14) യുടെ അഞ്ചാമത് റിപ്പോർട്ടിലെ (2010 ജൂലൈ 31 മുതൽ 2013 മെയ് 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

/home/likewise-open/NIYAMASABHA/fcp3a/Documents/PR 26.10.2021/NORKA/2021/Report /Facing Sheet/

പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2021-23)

## ഒന്നാമത് റിപ്പോർട്ട്

(2021 നവംബർ 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2011-14) യുടെ അഞ്ചാമത് റിപ്പോർട്ടിലെ (2010 ജൂലൈ 31 മുതൽ 2013 മെയ് 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

# ഉള്ളടക്കം


| | പേജ് നമ്പർ |
|---|---|
| സമിതിയുടെ ഘടന | III |
| ആമുഖം | IV |
| റിപ്പോർട്ട് | 1-13 |

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-23)

## ഘടന

**അദ്ധ്യക്ഷൻ :-**

ശ്രീ. എ.സി. മൊയ്തീൻ എം.എൽ.എ.

**അംഗങ്ങൾ :-**

ശ്രീ. എ.കെ.എം. അഷ്റഫ്, എം. എൽ. എ.

ഡോ. കെ.ടി. ജലീൽ, എം. എൽ. എ.

ശ്രീ. മാണി സി. കാപ്പൻ, എം. എൽ. എ.

ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.

ശ്രീ. പ്രമോദ് നാരായൺ, എം. എൽ. എ.

ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

ശ്രീ. കെ.എൻ.ഉണ്ണികൃഷ്ണൻ, എം. എൽ. എ.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം. എൽ. എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്.എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജാസ്മിൻ പി.എസ്., അണ്ടർ സെക്രട്ടറി



/home/likewise-open/NIYAMASABHA/fcp3a/Documents/PR 26.10.2021/NORKA/2021/Report /Facing Sheet/

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2021-23)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പ്രവാസ ജീവിതസാഹചര്യങ്ങളുടെ വൈവിധ്യങ്ങളോളം സങ്കീർണ്ണമാണ് പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ എന്ന് മനസ്സിലാക്കിയ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-14) പ്രവാസി സമൂഹം നേരിടുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനായി ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയിരുന്നു. ആയതിൻപ്രകാരം 2010 ജൂലൈ 31 മുതൽ 2013 മെയ് 31 വരെ സമിതി പരിഗണിച്ച ഹർജികളെ ആസ്പദമാക്കി സമിതി (2011-14) തയ്യാറാക്കിയ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 സെപ്റ്റംബർ 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2021 നവംബർ 3

എ.സി. മൊയ്തീൻ,
അദ്ധ്യക്ഷൻ,
പ്രവാസി മലയാളികളുടെ ക്ഷേമംസംബന്ധിച്ച സമിതി.

## റിപ്പോർട്ട്

സ്വപ്നങ്ങളുടെ ചിറകിലേറി മലയാളി പ്രവാസ ജീവിതം തുടങ്ങിയിട്ട് അരനൂറ്റാണ്ട് പിന്നിടുന്നു. വീടിനും നാടിനും വേണ്ടി അന്യദേശത്ത് വിയർപ്പൊഴുക്കുന്ന മലയാളി കേരളത്തിന്റെ പുരോഗതിയിൽ വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിലെ വളർച്ചയിൽ പ്രവാസികൾ ചെലുത്തുന്ന സ്വാധീനം ഏറെ പ്രശംസനീയമാണ്. കേരളത്തിൽ നിന്നുമാത്രം ഏകദേശം 30 ലക്ഷത്തിലധികം പേർ വിവിധ രാജ്യങ്ങളിലായി ജോലി ചെയ്തുവരുന്നു. കേരളത്തിന്റെ തൊഴിലും വികസനവുമെല്ലാം വിദേശത്തെ പ്രതിഭാസങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നതിനാൽ പ്രവാസികൾ കേരള സമ്പദ്വ്യവസ്ഥയുടെ സംരക്ഷകരാണെന്നതിൽ തർക്കമില്ല.

സമാനതകളില്ലാത്ത ദുരിതങ്ങൾ മൂലം തകർന്നടിഞ്ഞ വർത്തമാനകാല സാമൂഹിക സാഹചര്യത്തിൽ പ്രവാസ ജീവിതം അപകടകരമാംവിധം അരക്ഷിതമാകുകയാണ്. കേരളം എക്കാലവും പ്രവാസ ജീവിതത്തെ ഉൾക്കൊണ്ട ഒരിടമാണ്. അതുകൊണ്ടുതന്നെ പ്രവാസി ക്ഷേമ സംരക്ഷണം എന്നത് ഈ കാലഘട്ടത്തിൽ ഒരു സാമൂഹ്യ പ്രതിബദ്ധതയായി മാറിയിരിക്കുന്നു. ആഗോളസാമ്പത്തിക പ്രതിസന്ധിയും അന്താരാഷ്ട്ര കുടിയേറ്റ മേഖലയിലുണ്ടായ മാറ്റങ്ങളും സ്വദേശിവൽക്കരണ നടപടികളും ആഭ്യന്തര അസ്ഥിരതയും വിവിധ രാജ്യങ്ങളിലെ പ്രവാസികളുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന അവസ്ഥ സംജാതമാക്കിയിരിക്കുന്നു. അതിർത്തി കടന്നുള്ള സഞ്ചാരത്തെ നിയന്ത്രിക്കുന്ന വിസാ നിയന്ത്രണ ചട്ടങ്ങളും നിയന്ത്രണത്തിന്റെ ഭാഗമായുള്ള ഉയർന്ന വിസാ ഫീസ് പ്രവണതയും പ്രവാസികളുടെ ദുരിതങ്ങൾക്ക് ആക്കം കൂട്ടുന്നു. ആധുനിക സാങ്കേതികവിദ്യയുടെ കാലഘട്ടത്തിൽ പല രാജ്യങ്ങളും പ്രവൃത്തി പരിചയത്തേക്കാൾ വിദ്യാഭ്യാസ-സാങ്കേതിക യോഗ്യതകൾക്ക് പ്രാധാന്യം കല്പിക്കുന്ന സ്ഥിതി സംജാതമായത്, വർഷങ്ങളായി പ്രവാസ മേഖലയിൽ തുടരുന്ന ഉയർന്ന വിദ്യാഭ്യാസ

യോഗ്യതയില്ലാത്ത തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നു. പ്രവാസികളുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവാസിക്ഷേമ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. സാന്ത്വന, NDPREM, ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ, നോർക്ക റൂട്ട്സിന്റെ കീഴിലുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററുകൾ, റിക്രൂട്ടിംഗ് വിഭാഗം, മൾട്ടിപർപസ് ഫോട്ടോ ഐഡന്റിറ്റി കാർഡ് സേവനങ്ങൾ,ഇൻഷ്വറൻസ് കവറേജ്, ഗ്ലോബൽ കോൺട്രാക്ട് സെന്റർ നിയമസഹായ സെല്ലുകൾ, നൈപുണ്യവികസന കേന്ദ്രങ്ങൾ, പ്രവാസി പെൻഷൻ പദ്ധതി എന്നിവ പ്രതിസന്ധി നേരിടുന്ന വലിയൊരുവിഭാഗം പ്രവാസികളെ ചേർത്തു നിർത്താൻ സഹായിക്കുന്നു. പ്രവാസ ജീവിത വൈവിധ്യങ്ങൾക്ക് സമാനമാണ് പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ എന്ന് നിരീക്ഷിച്ച പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-14) പ്രവാസി മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ക്രിയാത്മക ഇടപെടലുകൾ നടത്തിയിരുന്നു. അതിൻപ്രകാരം സമിതി, 2010 ജൂലൈ 31 മുതൽ 2013 മെയ് 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച് തയ്യാറാക്കിയ അഞ്ചാമത് റിപ്പോർട്ട് 2014 ജനുവരി 29-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. റിപ്പോർട്ടിലെ പതിനൊന്ന് ശിപാർശകളിന്മേൽ കേരളീയ പ്രവാസികാര്യം, ഗതാഗതം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ 09.05.2018, 08.09.2021 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിച്ച് അംഗീകരിക്കുകയുണ്ടായി.

ഇതര സംസ്ഥാനങ്ങളിലുള്ള മലയാളികളുടെ യാത്രാപ്രശ്നങ്ങൾ, ലേബർ ക്യാമ്പുകളിലെ ദുരിതങ്ങൾ, വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ എന്നിങ്ങനെ അടിയന്തര പരിഹാരം ആവശ്യമായിരുന്ന നിരവധി വിഷയങ്ങൾ സമിതി വിശദമായി പരിശോധിക്കുകയും അവയിൽ പരിഹാര നിർദ്ദേശങ്ങൾ ശിപാർശ ചെയ്തിരുന്നതായും കാണുന്നു. സാമ്പത്തിക ബുദ്ധിമുട്ടനു ഭവിക്കുന്ന പ്രവാസികളുടെ മക്കൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി

ഡയറക്ടറേറ്റ് സ്കോളർഷിപ് ഫണ്ട് - നിലവിൽ വന്നതിനു പിന്നിൽ സമിതി ചെലുത്തിയ സമ്മർദ്ദം ചെറുതായിരുന്നില്ല എന്നത് ഈയവസരത്തിൽ അഭിമാനപൂർവ്വം സ്മരിക്കേണ്ടത് തന്നെയാണ്. വിദേശത്ത് വച്ച് അപകടങ്ങളും മരണവും സംഭവിക്കുന്നത് ഉൾപ്പെടെ വിദേശ മലയാളികളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിന് സംസ്ഥാന സർക്കാരിന്റെ സംവിധാനങ്ങൾക്ക് നേരിട്ട് ഇടപെടുന്നതിന് പരിമിതിയുണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങളും സേവനങ്ങളും വിദേശകാര്യ മന്ത്രാലയവും എംബസ്സികളും മുഖേന അർഹരായവർക്ക് നേടിക്കൊടുക്കുന്നതിനായി സംസ്ഥാന സർക്കാരും നോർക്ക റൂട്ട്സും യഥാസമയം ക്രീയാത്മകമായി പ്രവർത്തിച്ചു വരികയാണ്. പ്രവാസികളുടേയും വിവിധ കാരണങ്ങളാൽ തിരികെ നാട്ടിലെത്തിയവരുടേയും പ്രയാസങ്ങളും ദുരിതങ്ങളും നേരിട്ട് മനസ്സിലാക്കുകയും അവയ്ക്ക് യഥാസമയം പ്രതിവിധി കണ്ടെത്തുകയും ചെയ്യപ്പെടേണ്ടത് ഓരോ വ്യക്തിയുടെയും സമൂഹത്തിന്റെയും അതുവഴി രാജ്യത്തിന്റെയും ഉന്നമനത്തിന് അത്യന്താപേക്ഷിതമാണ് എന്ന് തിരിച്ചറിയേണ്ടതാണ്.

പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട്, സമിതി (2011-14) 2010 ജൂലൈ 31 മുതൽ 2013 മെയ് 31 വരെ പരിഗണിച്ച ഹർജികളിലെ അടിയന്തര പ്രാധാന്യമർഹിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകൾ/നിർദ്ദേശങ്ങൾ എന്നിവയും അവയ്ക്ക് കേരളീയ പ്രവാസികാര്യം, ഗതാഗതം, ഉന്നത വിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ നിന്ന് ലഭിച്ച നടപടി റിപ്പോർട്ടുകളും അതിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളും അവയ്ക്ക് വകുപ്പ് ലഭ്യമാക്കിയ മറുപടിയും ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

## <u>സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും</u>

### <u>ശിപാർശ - ഖണ്ഡിക 20</u>

ചെന്നൈ മലയാളികളുടെ യാത്രാപ്രശ്നങ്ങൾ മനസ്സിലാക്കിയ സമിതി ചെന്നൈയിൽ നിന്ന് മംഗലാപുരം, തിരുവനന്തപുരം ഭാഗത്തേക്ക് റെയിൽമാർഗ്ഗമുള്ള യാത്രാസൗകര്യം കുറവായതിനാൽ ചെന്നൈ-മംഗലാപുരം, ചെന്നൈ-തിരുവനന്തപുരം

റൂട്ടിൽ ഓരോ പുതിയ ട്രെയിനുകൾ അനുവദിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>ഗതാഗത വകുപ്പ് സ്വീകരിച്ച നടപടി</u>

കോഴിക്കോട് - ഷൊർണ്ണൂർ - കോയമ്പത്തൂർ - ഈറോഡ് - സേലം - ജോലാർപ്പെട്ട - ചെന്നൈ - ഷൊർണ്ണൂർ - എറണാകുളം - കോട്ടയം/ആലപ്പുഴ - കായംകുളം സെക്ഷനുകളിലെ റെയിൽവേ ലൈനിന്റെ നിലവിലുള്ള ഉപയോഗം ലൈൻ കപ്പാസിറ്റിയുടെ 100 ശതമാനത്തിലധികമായതിനാലും മാംഗ്ലൂർ, തിരുവനന്തപുരം/ കൊച്ചുവേളി, ചെന്നൈ സെൻട്രൽ എന്നീ ടെർമിനലുകളിലെ പരിമിതികൾ കാരണവും മംഗലാപുരം / തിരുവനന്തപുരം-ചെന്നൈ റൂട്ടിൽ പുതിയ ട്രെയിനുകൾ അനുവദിക്കുന്നത് പ്രായോഗികമല്ലെന്നും നിലവിൽ ചുവടെ പറയുന്ന ട്രെയിനുകൾ മംഗലപുരം-ചെന്നൈ തിരുവനന്തപുരം-ചെന്നൈ റൂട്ടിൽ നേരിട്ടുള്ള ഗതാഗതം പ്രദാനം ചെയ്യുന്നുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

Mangalore - Chennai

| | |
|---|---|
| 16627/28 | Chennai-Mangalore West Coast Exp (Daily) |
| 12685/86 | Chennai-Mangalore Exp (Daily) |
| 12601/02 | Chennai-Mangalore Mail (Daily) |
| 16107/08 | Chennai Egmore -Mangalore Exp (Daily) |

Thiruvananthapuram - Chennai

| | |
|---|---|
| 12695/96 | Chennai-Thiruvananthapuram Exp (Daily) |
| 12623/24 | Chennai-Thiruvananthapuram Mail (Daily) |
| 16723/24 | Chennai Egmore-Thiruvananthapuram Ananthapuri Exp (Daily) |
| 16127/28 | Chennai Egmore-Guruvayoor Exp (Daily) |
| 12697/98 | Chennai-Thiruvananthapuram Exp (Wkly) |
| 22645/46 | Indore-Thiruvananthapuram Ahilya Nagari Exp (Wkly) |
| 12515/16 | Thiruvananthapuram - Guwhati Exp (Wkly) |
| 12507/08 | Thiruvananthapuram - Guwahati Exp (Wkly) |

| | |
|---|---|
| 22641/42 | Thiruvananthapuram - Shalimar Exp (Bi-Wkly) |
| 22647/48 | Korla - Thiruvananthapuram Exp (Bi-Wkly) |
| 22207/08 | Chennai-Thiruvananthapuram AC Exp (Bi-Wkly) |
| 12511/12 | Gorakpur - Thiruvananthapuram Raptisagar Exp (Tri-Wkly) |

(ഗതാഗത (ഡി) വകുപ്പിന്റെ 13.04.2016-ലെ 4548/ഡി2/14/ഗതാ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി 09.05.2018-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു).

### ശിപാർശ - ഖണ്ഡിക 21

കേരളത്തിന് പുറത്ത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ജോലി നോക്കുന്ന പ്രവാസികളുടെ മക്കൾക്ക് കേരളത്തിലെ പ്രൊഫഷണൽ കോഴ്സുകളിലെ പ്രവേശനത്തിൽ ഒരു നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടി

പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള അപേക്ഷകരെ 'കേരളീയൻ', 'കേരളീയേതരൻ I'-ാം വിഭാഗം, 'കേരളീയേതരൻ II'-ാം വിഭാഗം എന്നിങ്ങനെ മൂന്നായി തരം തിരിച്ചിട്ടുണ്ട്. അപേക്ഷിക്കുന്ന വിദ്യാർത്ഥിയോ, അച്ഛനോ അമ്മയോ ആരെങ്കിലും ഒരാളെങ്കിലും കേരളത്തിൽ ജനിച്ചവരാണെങ്കിൽ അവരെ കേരളീയൻ ഗണത്തിൽപ്പെടുത്തുന്നതാണ്. ഇതിനായി അപേക്ഷകനോ, അച്ഛനോ, അമ്മയോ കേരളത്തിൽ ജനിച്ചതാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കണം. കേരളത്തിന് പുറത്ത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ജോലി നോക്കുന്ന പ്രവാസികളുടെ മക്കൾ മേൽപ്പറഞ്ഞ വ്യവസ്ഥകൾ പ്രകാരം കേരളീയൻ വിഭാഗത്തിൽ ഉൾപ്പെടും. ഇവർക്ക് എല്ലാ കോഴ്സുകളിലും പ്രവേശനത്തിന് അർഹതയുണ്ട്. കൂടാതെ സാമുദായിക/പ്രത്യേക/ശാരീരികക്ഷമത കുറഞ്ഞവർക്കുള്ള സംവരണ ആനുകൂല്യങ്ങൾക്കും, ഫീസാനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനങ്ങളിൽ ജോലി നോക്കുന്ന പ്രവാസികളുടെ മക്കൾക്ക് പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിൽ പ്രത്യേകം സീറ്റ് സംവരണം ചെയ്തിട്ടില്ല. അത്തരം അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ ഈ രീതിയിൽ സീറ്റുകൾ സംവരണം ചെയ്യപ്പെടുന്നത്

വലിയ തോതിൽ ദുരുപയോഗം ചെയ്യാനിടവരുത്തും.

(ഉന്നതവിദ്യാഭ്യാസ (ജി)വകുപ്പിന്റെ 08.04.2019-ലെ ജി3/294/2017-എച്ച്.ഇ.ഡി.എൻ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി 08.09.2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ - ഖണ്ഡിക 22

വിമാന സർവ്വീസ് റദ്ദാക്കൽമൂലവും വിമാനക്കമ്പനികളുടെ അടിക്കടിയുള്ള നിരക്ക് വർദ്ധനവ് മൂലവും പ്രവാസികൾ ഏറെ പ്രശ്നങ്ങൾ നേരിട്ടുവരുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട് ഇതിന് ഒരു പരിധിവരെയെങ്കിലും പരിഹാരമായേക്കാവുന്ന എയർ കേരള എന്ന ബഡ്ജറ്റ് എയർലൈൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി എയർ കേരള ഇന്റർനാഷണൽ സർവ്വീസ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചതായും പദ്ധതിയുടെ പുതുക്കിയ സാദ്ധ്യതാപഠനത്തിന് ഏജൻസിയെ നിയോഗിച്ചതായും കൂടാതെ അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് ആവശ്യമായ അഞ്ചുവർഷത്തെ ആഭ്യന്തര പരിചയവും 20 വിമാനങ്ങളും എന്ന വ്യവസ്ഥയിൽ ഇളവിനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുവരുന്നതായും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിലുള്ള നടപടി ത്വരിതപ്പെടുത്തി 'എയർ കേരള' എന്ന പ്രവാസികളുടെ ചിരകാല സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഗതാഗത വകുപ്പ് സ്വീകരിച്ച നടപടി

കേന്ദ്രസർക്കാർ 15.06.2016-ന് പുതിയ വ്യോമയാന നയം പുറത്തിറക്കി. ഈ പുതിയ നയപ്രകാരം ഏത് വിമാനകമ്പനിക്കാണോ 20 വിമാനങ്ങളോ അല്ലെങ്കിൽ മൊത്തമായ സീറ്റുകളുടെ 20% ആഭ്യന്തര സർവ്വീസുകൾക്കായി മാറ്റിവെച്ചിരിക്കുന്നത്, ആ വിമാനകമ്പനിക്ക് വിദേശത്തേക്ക് വിമാന സർവ്വീസുകൾ നടത്താം. അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം ആവശ്യമില്ല. എന്നിരുന്നാലും എയർകേരള കമ്പനിയെ സംബന്ധിച്ചിടത്തോളം 20 വിമാനങ്ങൾ ഏറ്റെടുക്കുക അല്ലെങ്കിൽ 20% സീറ്റുകൾ ആഭ്യന്തര ഗതാഗതത്തിനു വേണ്ടി മാറ്റിവയ്ക്കുക എന്ന പുതിയ നയവും കമ്പനിയെ പദ്ധതിയുമായി മുന്നോട്ട് കൊണ്ടുപോകുവാൻ പറ്റാത്തതായതിനാൽ എയർകേരള പദ്ധതി താൽക്കാലികമായി നിർത്തിവെച്ചിരിക്കുന്നു.

(ഗതാഗത (ഡി) വകുപ്പിൽ നിന്ന് 09.12.2016-ലെ 4697/ഡി2/2014/ഗതാ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി 09.05.2018-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ - ഖണ്ഡിക 23

വിദേശ തൊഴിലുകൾക്കായി അപേക്ഷിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ വിവരങ്ങളും അപേക്ഷാ ഫോറങ്ങളും ജില്ലാ കളക്ടറേറ്റുകളിൽ ലഭ്യമാക്കുന്നതിനും കൂടാതെ, ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനും വിദേശത്ത് നിന്ന് ലഭിക്കുന്ന വിസകളും മറ്റ് രേഖകളും യഥാർത്ഥമാണോയെന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം കൂടി കളക്ടറേറ്റുകളിൽ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ശിപാർശ ചെയ്യുന്നു.

കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

വിദേശ തൊഴിലുകൾക്കായി അപേക്ഷിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ വിവരങ്ങളും അപേക്ഷാ ഫോറങ്ങളും ജില്ലാ കളക്ടറേറ്റുകളിൽ ലഭ്യമാക്കുന്നതിനും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനും വിദേശത്ത് നിന്ന് ലഭിക്കുന്ന വിസകളും മറ്റു രേഖകളും യഥാർത്ഥമാണോയെന്ന് പരിശോധിക്കുന്നതിനുമുള്ള സംവിധാനം നിലവിൽ നോർക്ക റൂട്ട്സ് ഓഫീസുകളിലും കളക്ടറേറ്റുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന നോർക്കാ സെല്ലുകളിലും ക്രമീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ ഇത് സംബന്ധിച്ച് വിശദമായ വിവരങ്ങൾ നൽകുന്നതിലേക്കായി 24 മണിക്കൂർ ഹെൽപ്പ് ലൈൻ സംവിധാനവും നോർക്കാ റൂട്ട്സിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, കേന്ദ്രസർക്കാർ ഓഫീസുകളായ പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സിന്റെ തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിലെ ഓഫീസുകളിലും കൊച്ചിയിലെ മൈഗ്രേഷൻ റിസോഴ്സ് സെന്ററിലും വിദേശ തൊഴിൽ അന്വേഷകർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

(പ്രവാസി കേരളീയകാര്യ (ബി) വകുപ്പ് 20.09.2016-ലെ 2256/ബി2/2014/നോർക്ക നമ്പർ കത്ത് പ്രകാരം നൽകിയ മറുപടി 09.05.2018-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ - ഖണ്ഡിക 24

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന പ്രവാസികളുടെ മക്കൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിനായുള്ള ഒരു പദ്ധതിക്ക് രൂപം നൽകുന്നതിന് നോർക്ക

റൂട്ട്സ് ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന പ്രവാസികളുടെ മക്കൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിനായുള്ള പദ്ധതിക്ക് രൂപം നൽകുന്നതിന് നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡ് തീരുമാനിച്ചിരുന്നെങ്കിലും ആവശ്യമായ തുക കണ്ടെത്താൻ കഴിയാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ 20.09.2016-ലെ 2256/ബി2/2014/നോർക്ക നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി 09.05.2018-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും അധികവിവരം ആവശ്യപ്പെടുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധികവിവരം.

സ്കോളർഷിപ്പ് തുക നൽകുന്നതിനാവശ്യമായ ഫണ്ട് എത്രയും വേഗം കണ്ടെത്തി പദ്ധതി നടപ്പാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെട്ടു.

അധികവിവര റിപ്പോർട്ട്

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-14)യുടെ അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 24-ൽ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന പ്രവാസികളുടെ മക്കൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. ഈ ശിപാർശ പരിഗണിച്ച് താഴ്ന്ന വരുമാനക്കാരായ പ്രവാസികളുടെ മക്കൾക്കായി "ഡയറക്ടറേറ്റ് സ്കോളർഷിപ്പ് ഫണ്ട്" എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്യുകയും ഇത് നോർക്ക വകുപ്പിന്റെ പുതിയ പദ്ധതിയായി ഉൾക്കൊള്ളിക്കുന്നതിനാവശ്യമായ നടപടി (New Service Procedure) സ്വീകരിക്കുന്നതിന് നോർക്കവകുപ്പിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസിയായ നോർക്ക റൂട്ട്സിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(06.12.2018-ലെഎ 2/83/2018/നോർക്ക കത്തുമുഖേന ലഭിച്ച മറുപടി 08.09.2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ - ഖണ്ഡിക 25

റിക്രൂട്ടിംഗ് ഏജൻസികൾ അനാശാസ്യ പ്രവർത്തനങ്ങൾക്ക് വേണ്ടി സ്ത്രീകളെ കടത്തുന്നത് ഫലപ്രദമായി തടയുന്നതിന് ആവശ്യമായ എമിഗ്രേഷൻ നടപടികൾ

കർശനമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 18 ഇ.സി.ആർ. രാജ്യങ്ങളിലേയ്ക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ നിയമനവും വീട്ട് ജോലിയ്ക്കായി ഇന്ത്യൻ സ്ത്രീതൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള അധികാരവും നോർക്ക റൂട്ട്സ്, ഓവർസീസ് ഡവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്, ഓവർസീസ് മാൻപവർ കോർപ്പറേഷൻ, തമിഴ്നാട് എന്നിങ്ങനെയുള്ള സർക്കാർ ഏജൻസികൾക്ക് മാത്രമായി പരിമിതപ്പെടുത്തി കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന റിക്രൂട്ടിംഗ് ഏജൻസികളെ സസൂക്ഷ്മം നിരീക്ഷിക്കുന്നതിനും നിയമവിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവയുടെ റിക്രൂട്ടിംഗ് ലൈസൻസ് റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാന പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ 20.09.2016-ലെ 2256/ബി2/2014/നോർക്ക നമ്പർകത്ത് മുഖേന ലഭിച്ച മറുപടി 09.05.2018-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ - ഖണ്ഡിക 26

വിദേശത്ത് വീട്ടുജോലിക്കായി പോകുന്ന സ്ത്രീകളുടെ പാസ്പോർട്ട് എംബസ്സികളിൽ സൂക്ഷിക്കണമെന്നും പ്രവാസികളുടെ വിശദമായ ഡാറ്റ തയ്യാറാക്കാൻ അതാത് ഇൻഡ്യൻ എംബസ്സികൾക്ക് നിർദ്ദേശം നൽകണമെന്നും ശിപാർശ ചെയ്യുന്നു.

## കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

സമിതി ശിപാർശ നടപ്പിലാക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിനാണ്. അതിനാൽ സമിതി ശിപാർശ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ 04.11.2015-ലെ 2256/ബി2/14/നോർക്ക നമ്പർ കത്ത് പ്രകാരം വിദേശകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിൽ ഈ നിർദ്ദേശം നടപ്പിലാക്കിയിട്ടില്ലെങ്കിലും, 18 ഇ.സി.ആർ രാജ്യങ്ങളിലേയ്ക്ക് ഇന്ത്യയിൽനിന്നും വീട്ടുജോലിയ്ക്കായി സ്ത്രീതൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള

അധികാരം രാജ്യത്തെ വിവിധ സർക്കാർ ഏജൻസികൾക്ക് മാത്രമായി പരിമിതപ്പെടുത്തി കേന്ദ്രസർക്കാർ ഉത്തരവായിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ 20.09.2016-ലെ 2256/ബി2/2014/നോർക്ക നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി 09.05.2018-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ - ഖണ്ഡിക 27</u>

ലേബർ ക്യാമ്പുകളിൽ ദുരിതമനുഭവിക്കുന്നവരുടേയും വിവിധ കാരണങ്ങളാൽ പാസ്സ്പോർട്ട് തടഞ്ഞുവയ്ക്കപ്പെടുന്നവരുടേയും പ്രശ്നങ്ങളിൽ ഇടപെടുന്നതിനായി ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ മലയാളികൾ കൂടുതലുള്ള സ്ഥലങ്ങളിൽ ഒരു ലീഗൽ സെൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി</u>

പ്രവാസി മലയാളികൾക്ക് നിയമ സഹായം നൽകുന്നതിനായി പ്രവാസി ലീഗൽ അസിസ്റ്റന്റ്സ് എന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രവിദേശ കാര്യമന്ത്രാലയത്തിന്റേയും, വിവിധ രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളുടെയും സഹായവും സഹകരണവും ആവശ്യമാണ്. പദ്ധതി നടത്തിപ്പിനുള്ള സഹായം ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രവിദേശകാര്യ വകുപ്പിന് കത്തുകൾ അയച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനുള്ള തുടർനടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

വിദേശത്ത് ദുരിതമനുഭവിക്കുന്ന പ്രവാസികളുടെ ക്ഷേമത്തിനായി 2009-ൽ ഇന്ത്യൻ കമ്മ്യൂണിറ്റി വെൽഫയർ ഫണ്ട് (ഐ.സി.ഡബ്ല്യൂ.എഫ്) പദ്ധതി കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം നടപ്പിലാക്കിയിട്ടുണ്ട്. ദുരിതമനുഭവിക്കുന്ന പ്രവാസികൾക്കുള്ള നിയമസഹായവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ 20.09.2016-ലെ 2256/ബി2/2014/നോർക്ക നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി 09.05.2018-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ - ഖണ്ഡിക 28</u>

കേരള പ്രവാസി ക്ഷേമബോർഡിൽ അംഗത്വമെടുത്തവരും കുറഞ്ഞത് 3 വർഷക്കാലം തുടർച്ചയായി അംശദായം അടച്ചുവരുന്നവരുമായ മടങ്ങിയെത്തിയ

പ്രവാസികൾക്കായി പ്രവാസി ക്ഷേമ ആക്ടിൽ പ്രതിപാദിപ്പിക്കുന്ന വിവിധ പദ്ധതികളും മടങ്ങിവരുന്ന പ്രവാസികൾക്കുള്ള പ്രവാസി പുനരധിവാസ പദ്ധതിയും എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>കേരളീയ പ്രവാസി കാര്യ വകുപ്പ് സ്വീകരിച്ച നടപടി</u>

പ്രവാസി ക്ഷേമനിധി അംഗങ്ങൾക്കായി ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള മരണാനന്തര ധനസഹായം, ചികിത്സാ സഹായം, വിവാഹ ധനസഹായം പ്രസവാനുകൂല്യം എന്നീ പദ്ധതികൾ ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ആക്ടിൽ പ്രതിപാദിച്ചിരുന്ന മറ്റ് പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നതാണ്. മടങ്ങിയെത്തിയ പ്രവാസികൾക്കായുള്ള സമഗ്ര പുനരധിവാസ പദ്ധതി നോർക്ക റൂട്ട്സ് മുഖേന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 12 കോടി രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ 20.09.2016-ലെ2256/ബി2/2014/നോർക്ക നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി09.05.2018-ലെയോഗത്തിൽസമിതി അംഗീകരിച്ചു.

<u>ശിപാർശ - ഖണ്ഡിക 29</u>

ഗൾഫിലെ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന മലയാളികൾക്ക് ഗൾഫ് രാജ്യങ്ങളിലെ മലയാളികളായ വ്യവസായികളെ കണ്ടെത്തി അവരുടെ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കുവാനുള്ള അവസരം ലഭ്യമാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>കേരളീയ പ്രവസികാര്യ വകുപ്പ് സ്വീകരിച്ച നടപടി</u>

ഇറാഖ്, ലിബിയ എന്നീ രാജ്യങ്ങളിൽ നിന്നും തിരികെ എത്തിയ നഴ്സുമാർക്ക് പുതിയ തൊഴിലവസരങ്ങൾ എന്ന ലക്ഷ്യത്തോടെ വിദേശത്തേയും കേരളത്തിലേയും വിവിധ ആശുപത്രി പ്രതിനിധികളുടെ യോഗം 31.07.2014-ൽ സർക്കാർ വിളിച്ചുചേർക്കുകയും <u>വിദേശത്തും</u> <u>സ്വദേശത്തും</u> തൊഴിലവസരങ്ങൾ ലഭ്യമാക്കാനുള്ള സാധ്യത ചർച്ച ചെയ്യുകയും തുടർന്ന് 18.11.2014 ൽ തിരുവനന്തപുരത്ത് വച്ച് റിക്രൂട്ട്മെന്റ് കാമ്പയിൻ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അൽ അഹല്യ മെഡിക്കൽ ഗ്രൂപ്പ് യു.എ.ഇ, അൽ

അബീർ മെഡിക്കൽ ഗ്രൂപ്പ് സൗദി അറേബ്യ, യൂണിവേഴ്സൽ ഹോസ്പിറ്റൽ, യു.എ.ഇ, ആസ്റ്റർ ഡി.എം. ഹെൽത്ത് കെയർ യു.എ.ഇ എന്നീ സ്ഥാപനങ്ങൾ ടി കാമ്പയിനിൽ പങ്കെടുത്തിരുന്നു, ഈ സ്ഥാപനങ്ങൾ 305 പേരെ ജോലിയ്ക്കായി ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ഇതിൽ 42 പേർക്ക് വിദേശത്തും 19 പേർക്ക് സ്വദേശത്തും ജോലി നൽകിയിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പിന്റെ 20.09.2016-ലെ 2256/ബി2/2014/നോർക്ക നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി 09.05.2018-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## ശിപാർശ - ഖണ്ഡിക 31

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസി മലയാളികളുടെ മക്കൾക്ക് എൻ.ആർ.ഐ ക്വാട്ടയിൽ പ്രത്യേക സംവരണവും കുറഞ്ഞ ഫീസും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടി

എൻ.ആർ.ഐ ക്വാട്ടയിലെ ഫീസ് നിശ്ചിക്കുന്നത് സർക്കാരും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിൽ ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ്. അല്ലാത്തപക്ഷം അത് അഡ്മിഷൻ ആന്റ് ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചുവരുന്നു. ബഹു. സുപ്രീം കോടതിയുടെ ഉത്തരവുകളിൽ NRI സംവരണം മെഡിക്കൽ വിദ്യാഭ്യാസത്തിനു 15%വും എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് 5%വും ആയി നിജപ്പെടുത്തുകയും അവരിൽ നിന്നും ഉയർന്ന ഫീസ് ഈടാക്കുവാനും പ്രതിപാദിച്ചിട്ടുണ്ട്. പിന്നാക്ക വിഭാഗങ്ങൾക്കുള്ള സംവരണം പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിൽ 26% ആയിരുന്നത് 30% ആക്കി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 2015-2016 അധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുത്തിയിരുന്നു. നിലവിൽ 30% പിന്നാക്ക വിഭാഗങ്ങൾക്കുള്ള സംവരണവും 10% പട്ടികജാതി/പട്ടിക വർഗ്ഗ സംവരണവും ചേർത്ത് 40% സീറ്റുകൾ സാമുദായിക സംവരണത്തിനായി നീക്കിവച്ചിട്ടുണ്ട്. കൂടാതെ ശാരീരിക വൈകല്യങ്ങൾ ഉള്ളവർക്കുള്ള സംവരണം, വിവിധ വിഭാഗങ്ങൾക്കുള്ള പ്രത്യേക സംവരണം എന്നിവ കൂടി കണക്കിലെടുക്കുമ്പോൾ സംവരണത്തിന്റെ ശതമാനം ഇനിയും ഉയർത്തുന്നത് ജനറൽ മെറിറ്റ് സീറ്റുകൾ 50%ത്തിൽ കുറയാനിടവരുത്തി-

യേക്കുമെന്നതിനാൽ പ്രത്യേക സംവരണം ആലോചനയിലില്ല.

(ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 08.04.2018-ലെ ജ13/294/2017-എച്ച്.ഇ.ഡി.എൻ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി 08.09.2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

എ.സി. മൊയ്തീൻ,

അദ്ധ്യക്ഷൻ,

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം

2021 നവംബർ 3